# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3003 15.12.2015-ൽ മറുപടിയ്ക്ക്

## ലാന്റ് അക്വിസേഷൻ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കൽ

ചോദ്യം

ശ്രീ.ജി.എസ്.ജയലാൽ

മറുപടി

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | കേരളത്തിൽ ലാന്റ് അക്വിസേഷൻ ആക്ട് പ്രകാരം പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ ആയത് എന്താണെന്ന് വിശദീകരിക്കുമോ; | നിലവിൽ തടസ്സങ്ങൾ ഇല്ല |
| (ബി) | എന്നുമുതലാണ് ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സങ്ങൾ ഉണ്ടായതെന്നും ആയത് ഒഴിവാക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | 1894 ലെ സ്ഥലമെടുപ്പ് നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവന്ന സ്ഥലം ഏറ്റെടുക്കൽ കേസ്സുകളിൽ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമമായ Right to fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013 നിലവിൽ വന്ന 2014 ജനുവരി 1 മുതൽ തുടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശം നൽകി ഉത്തരവ് ഉണ്ടായ തീയതിയായ 05.07.2014 വരെ താല്ക്കാലികമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ തടസ്സപ്പെട്ടിരുന്നു. |
| (സി) | കൊല്ലം ജില്ലയിലെ പള്ളിക്കമണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചത് എന്നാണ്; പ്രസ്തുത ഭൂമി ഏറ്റെടുത്ത് നൽകുവാനുണ്ടായ തടസ്സങ്ങൾ എന്തായിരുന്നു; നിലവിലെ അവസ്ഥ എന്താണ്; വ്യക്തമാക്കുമോ; | കൊല്ലം ജില്ലയിലെ പള്ളിക്കമണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് 09.04.2013 ന് ആണ്. 1894 ലെ സ്ഥലമെടുപ്പ് നിയമ പ്രകാരം നടപടികൾ സ്വീകരിച്ചുവന്ന ഈ |

| | | |
|---|---|---|
| | | സ്ഥലം ഏറ്റെടുക്കൽ കേസ്സിൽ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമമായ Right to fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act (RFCTLA RR Act, 2013) നിലവിൽ വന്ന 2014 ജനുവരി 1 മുതൽ തുടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഉണ്ടായ തീയതിയായ 05.07.2014 വരെ താല്ക്കാലികമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ തടസ്സപ്പെട്ടിരുന്നതാണ്. തുടർന്ന് 15.11.2011 ലെ G.O. (MS)No.419/ 2011/RD ഉത്തരവ് പ്രകാരം രൂപീകരിച്ച ജില്ല തല പർച്ചേസ് കമ്മിറ്റി (DLPC) സ്ഥലവില സംബന്ധിച്ച് ധാരണയിലെത്തുന്നതിനായി 03.03.2015 ന ഭൂവുടമകളുമായി ചർച്ച നടത്തിയിരുന്നു. ടി കമ്മിറ്റി നിർദ്ദേശിച്ച സ്ഥലവില അംഗീകരിച്ചുകൊണ്ട് ആകെയുള്ള 23 ഭൂവുടമകളിൽ 3 പേർ മാത്രം സമ്മതപത്രം നൽകിയിരുന്നത്. ടി സാഹചര്യത്തിൽ സ്ഥലവില സംബന്ധിച്ച് ധാരണയിലെത്തുന്നതിനായി വീണ്ടും DLPC യോഗം 08.10.2015-ന വിളിച്ചിരുന്നുവെങ്കിലും ഭൂവുടമകളാരും തന്നെ പ്രസ്തുത യോഗത്തിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടി യോഗം നടന്നിട്ടില്ലാത്തതാണ്. പ്രസ്തുത സാഹചര്യത്തിൽ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ വകുപ്പുകൾ പ്രകാരം ഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ഭൂമി എന്നത്തേക്ക് ഏറ്റെടുത്ത് നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | RFCT LA RR Act, 2013 ന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പുതിയ നിയമ പ്രകാരമുള്ള അർത്ഥന ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ